പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2641 — 6.12.2018 -ൽ മറുപടിയ്ക്ക്

## ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | 2017 നവംബർ മാസത്തിൽ ടൂറിസം സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ജില്ല കലക്ടറുടെ ചേമ്പറിൽ ബി.ആർ.ഡി.സി.യുടെ (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ) പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് സാധിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; | എ) | നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | ബി.ആർ.ഡി.സി. യുടെ ഓഫീസ് വാടക കെട്ടിടത്തിൽ നിന്ന് പൂട്ടിക്കിടക്കുന്ന തണൽ വിശ്രമകേന്ദ്രത്തിലേക്ക് മാറ്റണമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ;വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | 2017 നവംബർ മാസത്തിൽ ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന യോഗത്തിൽ തണൽ വിശ്രമകേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. പള്ളിക്കര പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള പുനർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ബി.ആർ.ഡി.സിയുടെ ഓഫീസ് വാടക കെട്ടിടത്തിൽ നിന്ന് പൂട്ടിക്കിടക്കുന്ന തണൽ വിശ്രമകേന്ദ്രത്തിലേക്ക് മാറ്റണമെന്ന തീരുമാനം കൈക്കൊണ്ടിട്ടില്ല. |

| | | | |
|---|---|---|---|
| സി) | ഈ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി പള്ളിക്കര പഞ്ചായത്തിൽ നൽകിയ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ;ഒരു വർഷമായിട്ട് നമ്പർ ലഭിക്കുന്നതിനായി ബി.ആർ.ഡി.സി.എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശങ്ങൾ അറിയിക്കാമോ? | സി) | യോഗ തീരുമാന പ്രകാരം പള്ളിക്കര പഞ്ചായത്ത് ഓഫീസിൽ നിന്നും കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള പുനർനടപടികൾ ബി.ആർ.ഡി.സി സ്വീകരിച്ചിട്ടുണ്ട്. ബി.ആർ.ഡി.സിയുടെ അപേക്ഷയിൻമേൽ പഞ്ചായത്ത് അധികൃതരിൽ നിന്നും തണൽ വിശ്രമകേന്ദ്രത്തിന് അൺആതറൈസ്ഡ് നമ്പർ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2017 നവംബർ മാസത്തിൽ ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ജില്ലാ കലക്ടറുടെ ചേമ്പറിൽ ബി.ആർ.ഡി.സിയുടെ (ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ) പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളും കൈക്കൊണ്ട നടപടികളും

| ക്രമ നമ്പർ | തീരുമാനം | കൈക്കൊണ്ട നടപടി |
|---|---|---|
| 1 | തച്ചങ്ങാട് കൾച്ചറൽ സെന്റർ പണി പൂർത്തീകരിച്ച് ഡിസംബർ മാസത്തിൽ ഉദ്ഘാടനത്തിന് തയ്യാറാകും. | തച്ചങ്ങാട് കൾച്ചറൽ സെന്റർ ഉദ്ഘാടനം ബഹു. ടൂറിസം വകുപ്പ് മന്ത്രി നിർവ്വഹിച്ചു. |
| 2 | ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണ പ്രവർത്തികൾ മാർച്ച് 2018-ഓടെ പൂർത്തീകരിച്ച് സഞ്ചാരികൾക്കായി തുറന്ന് കൊടുക്കുവാൻ നടപടി സ്വീകരിക്കും. | ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണ പ്രവർത്തികൾ കിറ്റ്കോ മുഖേന ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. അതേസമയം പാർക്കിലേക്കുള്ള പ്രവേശനത്തിന് പ്രത്യേക വഴി ഇല്ലാത്തതിനാൽ പൂർത്തിയായതിനുശേഷമുള്ള നടത്തിപ്പ് സംബന്ധിച്ച് 24.10.2018-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരം. നടപടികൾ സ്വീകരിച്ചുവരികയാണ്. |
| 3 | തണൽ വിശ്രമകേന്ദ്രത്തിന് പള്ളിക്കര പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള പുനർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. ബി.ആർ.ഡി.സി ഇതിനായി ജില്ലാ കലക്ടറുടെ മേൽനോട്ടത്തിൽ നടപടി സ്വീകരിക്കും. | തുടർ നടപടികൾ സ്വീകരിച്ചു. തണൽ വിശ്രമകേന്ദ്രത്തിന് ഇപ്പോൾ പഞ്ചായത്ത് അധികൃതരിൽ നിന്നും അൺആതറൈസ്ഡ് നമ്പർ ലഭ്യമായിട്ടുണ്ട്. |
| 4 | കാപ്പിൽ, കൊവ്വൽ, കോടി ബീച്ചുകൾ വികസിപ്പിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി സമർപ്പിക്കുവാൻ ബി.ആർ.ഡി.സി/ഡി.റ്റി.പി.സിയോ നടപടികൾ സ്വീകരിക്കണം. | ബേക്കൽ പ്രദേശത്തുള്ള വിവിധ ബീച്ചുകൾ ഉൾപ്പെടുത്തി വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാനും പ്രാദേശിക തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്ന രീതിയിൽ എക്സ്പീരിയൻഷ്യൽ ബീച്ചുകൾ -ടെ ശൃംഖല വികസിപ്പിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കിറ്റ്കോ വഴി പ്രാഥമിക റിപ്പോർട്ട് ടൂറിസം വകുപ്പ് |

(1.2)

| | | |
|---|---|---|
| | | ഡയറക്ടർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബീച്ചുകളിൽ അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാക്കുന്നതിന് ജില്ലാ കലക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഭൂമി ഉപയോഗിക്കാനുള്ള ഉത്തരവ് ജില്ലാ കലക്ടറിൽ നിന്നും ലഭിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണ്. |
| 5 | എയർസ്ട്രിപ്പിന്റെ സിയാൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് അനുയോജ്യമായ തീരുമാനം ഉണ്ടാകുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. | കാസറഗോഡ് എയർസ്ട്രിപ്പ് പദ്ധതിയ്ക്കായി സർക്കാർ ഉത്തരവ് ജി.ഒ (ആർടി) നം. 402/2018/ട്രാൻസ് തീയതി 7.8.2018 പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്) പ്രിൻസിപ്പൽ സെക്രട്ടറി (ഏവിയേഷൻ), ജില്ലാ കലക്ടർ, കാസറഗോഡ്, മാനേജിംഗ് ഡയറക്ടർ, ബി.ആർ.ഡി.സി, ധനകാര്യ വകുപ്പിന്റെ പ്രതിനിധി, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന്റെ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ യോഗം 5.11.2018-ന് പ്രിൻസിപ്പൽ സെക്രട്ടറി (ഏവിയേഷൻ) യുടെ ചേമ്പറിൽ ചേർന്നിട്ടുണ്ട്. |
| 6 | റിസോർട്ട് നിർമ്മാതാക്കളുടെ യോഗം വിളിച്ച് റിസോർട്ട് നിർമ്മാണ പുരോഗതി വിലയിരുത്തുവാനും, പാട്ടകുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടികൾ ബി.ആർ.ഡി.സി കൈക്കൊള്ളും. | റിസോർട്ട് നിർമ്മാതാക്കളുടെ യോഗം ബി.ആർ.ഡി.സിയിലും ജില്ലാ കലക്ടറുടെ സാന്നിദ്ധ്യത്തിലും ചേർന്നിരുന്നു. റിസോർട്ട് നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാനും, പാട്ടകുടിശ്ശിക അടച്ചുതീർക്കാനും റിസോർട്ട് നിർമ്മാതാക്കളോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 7 | ബി.ആർ.ഡി.സി ശുദ്ധജല വിതരണ പദ്ധതിയുടെ നടത്തിപ്പ് കേരള വാട്ടർ അതോറിറ്റിയുമായി ചർച്ചചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കലക്ടറെ ചുമതലപ്പെടുത്തി. | അതോറിറ്റിയുമായി ചർച്ചചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കലക്ടറെ ചുമതലപ്പെടുത്തിയിരുന്നു. നിലവിൽ പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Transport Department - Aviation - Setting up of Airstrip at Kasargod - Committee constituted - Orders issued

**TRANSPORT (D) DEPARTMENT**

**G.O.(Rt)No.402/2018/TRANS** Dated,Thiruvananthapuram, 07/09/2018

Read: G. O (Ms) No. 50/2011/TSM dated [illegible].02.2011

**ORDER**

Government are pleased to constitute a committee with the following members to explore the possibilities of setting up of Airstrip at Kasargod.

1. Principal Secretary (Aviation)
2. District Collector, Kasargod
3. Managing Director, Bakel Resorts Development Corporation Ltd
4. A representative from Finance Department
5. A representative from Cochin International Airport Ltd.

2. The Committee should submit detailed report to Government within one month.

(By order of the Governor)
MALATHY.S.
ADDITIONAL SECRETARY

To:

The Secretary to Government, Ministry of Civil Aviation (With C/L)
The Joint Secretary to Government, Ministry of Civil Aviation (With C/L)
The Accountant General (A&E)/Audit), Kerala, Thiruvananthapuram
The District Collector, Kasargod
The Managing Director, Cochin International Airport Ltd
The Managing Director, Bakel Resorts Development Corporation Ltd
The Finance Department
Stock file / office copy

Forwarded /By order

Section Officer

Copy to:- PA to Principal Secretary (Aviation)
PA to Additional Secretary (Transport)